ശുദ്ധീകരിച്ച ജലം ടാങ്കുകളിൽ എത്തിക്കാനുള്ള 1,000 എം.എം. പ്രധാന ഗ്രാവിറ്റി മെയിനിന്റെ 17,000 മീറ്ററിൽ 1,900 എം.എം. പൈപ്പു മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി പൈപ്പുകൾ ലഭ്യമാകുകയും ആദ്യ റീച്ചിനുശേഷമുള്ള മറ്റു റീച്ചിലെ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ അറേഞ്ച് ചെയ്യുകയും വേണം.

പ്രധാന ഗ്രാവിറ്റി മെയിനിന് ശേഷം വിവിധ ടാങ്കുകളിലേക്ക് ജലമെത്തിക്കുന്നതിന് 700 എം.എം. മുതൽ 200 എം.എം. വരെയുള്ള 25,000 മീറ്റർ നീളത്തിലുള്ള പൈപ്പുകൾ ലഭ്യമായിട്ടില്ല. ടാങ്കുകളിൽനിന്നും മൊത്തം ഏകദേശം 450 കി. മീറ്റർ നീളത്തിൽ വിവിധ വില്ലേജുകളിൽ വിതരണ പൈപ്പുകൾ സ്ഥാപിക്കണം.

(ഡി) ഉണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് നിയോജകമണ്ഡലത്തിലെ ബാവിക്കര റഗുലേറ്ററിന് നൽകിയ ഭരണാനുമതി

53 [216] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ബാവിക്കര റഗുലേറ്ററിന് സർക്കാർ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പണി ആരംഭിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 258 ലക്ഷം രൂപ (ഇരുന്നൂറ്റി അൻപത്തി എട്ട് ലക്ഷം രൂപ)

(സി) 4702-00-101-99 എന്ന കണക്കിനത്തിൽ മേപ്പടി പണിക്ക് 2004-2005-ലെ ബഡ്ജറ്റിൽ 7,67,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്.

മാഹി-വടകര കനാലിന്റെ സർവ്വേ നടപടികൾ

54 [217] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഹി-വടകര കനാലിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും;

LIBRARY ARCHIVES Kerala Legislative Assembly